**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **16-09-2025 - ൽ മറുപടിയ്ക്ക്**

**കേരള പോലീസിന്റെ പോൾ-ബ്ലഡ് ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിന്റെ പോൾ-ബ്ലഡ് ആപ്പ് വഴി നൽകിയിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള പോലീസിൻ്റെ "പോൾ ബ്ലഡ്" പദ്ധതി സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായ രക്തം സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുന്നതിനായി 2021 ഏപ്രിൽ 21 ന് ആരംഭിച്ച സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സംരംഭമാണ്. കേരള പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനായ പോൾ ആപ്പിലാണ് ഈ സേവനം ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ 200 രക്തബാങ്കുകളെയും ഏകോപിപ്പിച്ചു കൊണ്ട് രോഗികൾക്കും ആശുപത്രികൾക്ക ഇടനിലക്കാരില്ലാതെ തന്നെ വിശ്വാസ യോഗ്യമായ രക്തസേവനം ഉറപ്പാക്കുകയാണ്.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപകമായ രക്തദാന ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഹയർ സെക്കണ്ടറി എൻ എസ് എസ് യൂണിറ്റുകളുമായി ചേർന്ന് ആരംഭിച്ച 'ജീവദ്യുതി', എ പി ജെ അബ്ദുൽകലാം ടെക്നോളജിക്കൽ സർവകലാശാലയുടെ എൻ എസ് എസ് യൂണിറ്റുകളുമായ ചേർന്ന് രൂപീകരിച്ച 'രുധിരസേന', ഐ ടി മേഖലയിലെ പ്രമുഖ സ്ഥാപനമായ യു എസ് ടി ഗ്ലോബലുമായി ചേർന്ന് നടപ്പിലാക്കിയ 'യു എസ് ടി ലൈഫ് ലൈൻ', കേരള ചലചിത്ര അക്കാദമിയുമായി സഹകരിച്ച് സംഘടിപ്പിച്ച 'സിനി ബ്ലഡ്', സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഗ്രാമീണ മേഖലകളിൽ സംഘടിപ്പിച്ച 'വായനയിലൂടെ രക്തബന്ധം' എന്നീ നിരവധി പദ്ധതികൾ പോൾ ബ്ലഡ് മുഖേന പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.കേരളത്തിലെ മുഴുവൻ എൻ എസ് എസ് യൂണിറ്റുകളുമായും കുടുംബശ്രീ, എൽ എസ് ജി ഡി ഡിപ്പാർട്ട്മെന്റ്, ഇൻഫോസിസ് തുടങ്ങിയവയുമായി ചേർന്നും രക്തദാന പ്രവർത്തനങ്ങൾ നടത്തുന്നത് പ്രാരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | രക്തദാന രംഗത്ത് നിലനിൽക്കുന്ന സാമ്പത്തിക ചൂഷണവും ഇടനിലക്കാരുടെ ദുരുപയോഗവും തടയുന്നതിനും പോൾ ബ്ലഡ് നിർണ്ണായക ഇടപെടലുകൾ നടത്തിവരുന്നു. സമൂഹമാധ്യമങ്ങളിൽ നിന്ന് രോഗികളുടെ വിവരങ്ങൾ ശേഖരിച്ച് പണം ആവശ്യപ്പെടുന്ന സംഘങ്ങളുടെയും തട്ടിപ്പുകാരുടെയും പ്രവർത്തനം പൊതുജനങ്ങൾക്ക് വൻ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഇത്തരം അവസ്ഥകൾ നിയന്ത്രിക്കാനും വിശ്വാസയോഗ്യവും ഔദ്യോഗികവുമായ സൗജന്യ പ്ലാറ്റ്ഫോം ഒരുക്കുവാനും കേരള പോലീസിന്റെ നേതൃത്വത്തിലുള്ള ഈ പദ്ധതി പ്രധാന പങ്ക് വഹിച്ചു. "കാവലിനൊപ്പം കരുതലും" എന്നാണ് ഈ പദ്ധതിയുടെ ആപ്തവാക്യം. രക്തദാതാക്കൾക്കും രക്തം ആവശ്യമുള്ളവർക്കും പ്ലേസ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും പോൾ ആപ്പ് ഡൗൺലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിൽ നിന്നും മികച്ച പ്രതികരണമാണ് പോലീസിന്റെ ജനകീയ പദ്ധതിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രോജക്ടിലൂടെ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും കേരള പോലീസിനെ കൂടുതൽ ജനകീയമാക്കാനും കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ 60790 പേർ രക്താവശ്യത്തിനായി പോൾ ബ്ലഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവശ്യപ്പെട്ട 97788 യൂണിറ്റ് രക്തത്തിൽ 49641 യൂണിറ്റ് രക്തം ക്രമീകരിക്കാൻ പോൾ ബ്ലഡിനു സാധിച്ചു. കേരളത്തിലുടനീളം 1622 രക്തദാന ക്യാമ്പുകൾക്ക് പോൾ ബ്ലഡ് നേതൃത്വം നൽകി. ക്യാമ്പുകളിലൂടെ 63623 യൂണിറ്റ് രക്തവും പോൾ ബ്ലഡ് പ്രോജക്ടിലൂടെ ആകെ 1,13,264 യൂണിറ്റ് രക്തം ക്രമീകരിക്കാൻ കഴിഞ്ഞിട്ടുണ്ട് . |
| (ബി) | പോലീസ് സേനാംഗങ്ങളല്ലാത്ത എത്ര പേർ പോൾ-ബ്ലഡ് സംവിധാനത്തിൽ രക്തദാതാക്കളായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | രക്തദാതാക്കളായി പോൾ ബ്ലഡിൽ രജിസ്റ്റർ ചെയ്യാൻ പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും ഒരേ Donor Registration ഓപ്ഷൻ ആണ് പോൾ ആപ്പിൽ ഉള്ളത്. ആയതിനാൽ പോലീസ് സേനാംഗങ്ങൾ അല്ലാത്ത എത്ര പേർ പോൾ ബ്ലഡിൽ രക്തദാതാക്കളായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരം നിലവിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ